പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5173 27.07.2015 ൽ മറുപടിക്ക്

**2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.: വി.ശശി: | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട വിദ്യാഭ്യാസ വകുപ്പിന്റെ ഏതെങ്കിലും പദ്ധതികൾ ആരംഭി-ക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ? | (എ) കല, കായികം, തൊഴിൽ, വിദ്യാഭ്യാസം എന്നിവയക്ക് ഊന്നൽ നൽകിക്കൊണ്ട് സെക്കണ്ടറി തലത്തിൽ കേന്ദ്രസഹായത്തോടു കൂടി നടപ്പിലാക്കുന്ന ആശ്വാസ് എന്ന പുതിയ പദ്ധതി (ഒറ്റത്തവണ കേന്ദ്ര- സഹായ പദ്ധതി), കായിക മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് തിരുവനന്തപുരം ജി.വി.രാജാ സ്പോർട്ട്സ് സ്ക്കുളിലേയും , കണ്ണൂർ സ്പോർട്ട്സ് ഡിവിഷനു കീഴിലെ ജി.വി.എച്ച്.എസ്. സ്പോർട്ട്സ് സ്ക്കൂളിലെയും അടിസ്ഥാന സൗകര്യവികസനം (ഒറ്റത്തവണ കേന്ദ്രസഹായ പദ്ധതി) എന്നിവയാണ് പൊതുവിദ്യാഭ്യാസ വകുപ്പിൽ 2014-15 ൽ ആരംഭിക്കാൻ കഴിയാത്ത പദ്ധതികൾ.<br>പ്രസ്തുത രണ്ട് പദ്ധതികളും ഒറ്റത്തവണ കേന്ദ്രസഹായ പദ്ധതികളായതിനാൽ കേന്ദ്രധന-സഹായം ലഭിക്കാത്തതിനാൽ പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞില്ല. ഉന്നതവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ് |

Sheela H

സെക്ഷൻ ഓഫീസർ